## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 386** **09.02.2016 ൽ മറുപടിയ്ക്ക്**

## ഏജൻസികൾക്ക് അനർട്ട് വഴി സബ്സിഡി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനർട്ട് വഴി ഏതെല്ലാം ഏജൻസികൾക്ക് എത്ര രൂപ വീതം സബ്സിഡി നൽകിയെന്ന് വർഷം തിരിച്ച് നൽകാമോ; | (എ) അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത കാലയളവിൽ സബ്സിഡിക്ക് അപേക്ഷ നൽകി നിഷേധിക്കപ്പെട്ട ഏജൻസികളുടെ പേര് വിവരം ലഭ്യമാക്കാമോ; | (ബി) യും (സി) യും (ഡി)യും |
| (സി) സബ്സിഡി ലഭ്യമാക്കുന്നതിനായി ഈ കാലയളവിൽ ഏജൻസികൾ/ സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവർ നൽകിയ അപേക്ഷകളുടെ എണ്ണം വർഷം തിരിച്ച് പേരു സഹിതം ലഭ്യമാക്കാമോ; | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) ഇതിൽ അർഹമായ അപേക്ഷകരുടെ പേരുവിവരം ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

**അനെർട്ടിന്റെ 10000 സൗരഗൃഹപദ്ധതിയിൽ ധനസഹായം ഗാർഹിക ഉപഭോക്താ**ക്കൾക്കാണ് നൽകുന്നത്. എന്നാൽ മൊത്തം ചെലവിൽ നിന്നും ധനസഹായം കിഴിച്ച് ബാക്കി തുക മാത്രം ചെലവഴിച്ച് സൗരയൂണിറ്റുകൾ സ്ഥാപിക്കുന്ന സന്ദർഭങ്ങളിൽ ഉപഭോക്താക്കളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ഏജൻസികൾക്ക് പവർ പ്ലാന്റുകളുടെ പ്രതിഷ്ഠാപനവും, അനെർട്ടിന്റെ സാങ്കേതിക പരിശോധയ്ക്കും ശേഷം ധനസഹായവും വിതരണം ചെയ്യുന്നുണ്ട്.

2011-12 സാമ്പത്തിക വർഷത്തിൽ സോളാർ വാട്ടർ ഹീറ്ററുകൾക്ക് സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം എറണാകുളം ജില്ലയിലെ പിറവം ഗ്രാമപഞ്ചായത്തിൽ നടത്തിയ ക്യാമ്പയിനിന്റെ ഭാഗമായി എം.എൻ. ആർ.ഇ- യുടെ അംഗീകൃത ചാനൽ പാർട്ണറായ ആൾട്ടർനേറ്റ് എനർജി കോർപ്പറേഷന് 54 അപേക്ഷകളുടെ സബ്സിഡിയായി 4,77,000 രൂപയും സുപ്രീം സോളാറിന്റെ ഡീലറായ എ.ബി.ആർ സോളാർ ഏജൻസിയ്ക്ക് 35 അപേക്ഷകളുടെ സബ്സിഡിയായി 1,57,500 രൂപയും ഹൈക്കൺ സോളാർ എനർജി പ്രൈവറ്റ് ലിമിറ്റഡിന് 59 അപേക്ഷകളുടെ സബ്സിഡിയായി 2,65,500 രൂപയും നൽകിയിട്ടുണ്ട്.

2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ സോളാർ വാട്ടർ ഹീറ്ററുകൾക്കുള്ള സബ്സിഡി ഉപഭോക്താവിന് അനെർട്ട് നേരിട്ടാണ് നൽകിയിരുന്നത്. അതുകൊണ്ട് തന്നെ ഏജൻസികളിൽ നിന്ന് അനെർട്ട് അപേക്ഷ സ്വീകരിക്കാറില്ല. എന്നാൽ 2012-13 കാലഘട്ടത്തിൽ എറണാകുളം ജില്ലയിലെ പിറവം ഗ്രാമപഞ്ചായത്തിൽ നടത്തിയ 'Demonstration Programme on Renewable Energy' പദ്ധതിയുടെ ഭാഗമായി എം.എൻ.ആർ.ഇ.യുടെ അംഗീകൃത ചാനൽ പാർട്ണറായ ഹൈക്കൺ സോളാർ എനർജി പ്രൈവറ്റ് ലിമിറ്റഡിന്റെ ഡീലറായ വിമൽടെക്കിന് 27 അപേക്ഷകളുടെ സബ്സിഡിയായി 81,000/- രൂപയും സുപ്രീം സോളാറിന്റെയും സുധൻവാ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെയും ഡീലറായ എ.ബി.ആർ. സോളാർ ഏജൻസിയ്ക്ക് 15 അപേക്ഷകളുടെ സബ്സിഡിയായി 78,000/- രൂപയും നൽകിയിട്ടുണ്ട്.

സോളാർ സ്ട്രീറ്റ് ലൈറ്റുകൾക്ക് സബ്സിഡി നൽകിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | സ്ഥാപിച്ച സോളാർ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം | സബ്സിഡി നൽകിയ തുക | സബ്സിഡി ആനുകൂല്യം ലഭിച്ച സ്ഥാപനങ്ങൾ | ലൈറ്റുകളുടെ എണ്ണം |
|---|---|---|---|---|
| 2012-13 | 1016 | Rs.27,400x1016= Rs.278,38,400 | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | 100 |
| | | | തിരുവനന്തപുരം കോർപ്പറേഷൻ | 27 |

| | | | | |
|---|---|---|---|---|
| | | | വർക്കല മുനിസിപ്പാലിറ്റി | 50 |
| | | | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി | 100 |
| | | | പത്തനംതിട്ട മുനിസിപ്പാലിറ്റി | 139 |
| | | | കോട്ടയം മുനിസിപ്പാലിറ്റി | 100 |
| | | | ആലപ്പുഴ മുനിസിപ്പാലിറ്റി | 100 |
| | | | ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി | 100 |
| | | | പാലക്കാട് മുനിസിപ്പാലിറ്റി | 100 |
| | | | നിലമ്പൂർ മുനിസിപ്പാലിറ്റി | 100 |
| | | | കൽപ്പറ്റ മുനിസിപ്പാലിറ്റി | 100 |
| | | | **ആകെ** | **1016** |
| 2013-14 | 401 | Rs. 30,000x401= Rs.1,20,30,000 | ഡി.റ്റി.പി.സി. കണ്ണൂർ | 97 |
| | | | കുമളി ഗ്രാമപഞ്ചായത്ത് | 40 |
| | | | ഉപ്പുതറ ഗ്രാമപഞ്ചായത്ത് | 4 |
| | | | വൈക്കം മുനിസിപ്പാലിറ്റി | 43 |
| | | | ഉഴവൂർ ഗ്രാമപഞ്ചായത്ത് | 13 |
| | | | വിജയപുരം ഗ്രാമപഞ്ചായത്ത് | 6 |
| | | | ആനാട് ഗ്രാമപഞ്ചായത്ത് | 17 |
| | | | കാടനാട് ഗ്രാമപഞ്ചായത്ത് | 48 |
| | | | ഗവ. ഹോമിയോപതിക് മെഡിക്കൽ കോളേജ് | 7 |
| | | | വേങ്ങര ബ്ലോക്ക് പഞ്ചായത്ത് | 12 |
| | | | ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് | 12 |
| | | | ഗവ. ആയുർവേദ കോളേജ്, കണ്ണൂർ | 4 |
| | | | ഗവ. പോളിടെക്നിക്ക് കോളേജ്, കണ്ണൂർ | 7 |
| | | | ബേക്കൽ ടൂറിസം പ്രോജക്ട് ഏരിയ | 15 |
| | | | കാടുകുറ്റി ഗ്രാമപഞ്ചായത്ത് | 20 |
| | | | ഡി.എഫ്.ഒ. പാലക്കാട് | 5 |
| | | | വാളകം ഗ്രാമപഞ്ചായത്ത്, കോട്ടയം | 17 |
| | | | ഡി.റ്റി.പി.സി, കണ്ണൂർ | 1 |
| | | | പായിപ്പാട് ഗ്രാമപഞ്ചായത്ത് | 13 |
| | | | കുന്നുമംഗലം ബ്ലോക്ക് പഞ്ചായത്ത് | 20 |
| | | | **ആകെ** | **401** |

2011-12, 2012-13 വർഷങ്ങളിൽ സോളാർ വാട്ടർ ഹീറ്ററുകൾക്ക് [illegible]റവം പഞ്ചായത്തിലെ ക്യാമ്പസിനുമായി ബന്ധപ്പെട്ട പദ്ധതി ഒഴികെ മറ്റെല്ലാ അപേക്ഷകളിലും ഗുണഭോക്താക്കൾക്കാണ് സബ്സിഡി അനുവദിച്ചിരുന്നത്, ഏജൻസികൾക്കല്ല. ഒരു ഏജൻസിയ്ക്കും ഈ കാലയളവിൽ സബ്സിഡി നിഷേധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ